# School Master Plan.

# 2025 - 2026

Scanned with CamScanner

# PROFILE

Name of School : St. Joseph's LPS Velichiyani

Revenu District : Kottayam

Educational District : Kanjirapally

Cluster : Parathode

Panchayath : Parathode

Block : Kanjirapally

Thaluk : Kanjirappally.

Email ID : Velichiyanilps @ gmail . com.

Management : Aided

HM Name : Tintu Sebastian

Mobile No : 9497668106

Scanned with CamScanner

സെന്റ് ജോസഫ്സ് സ്കൂൾ ചരിത്രം.

ഓരോ നാടിന്റെയും സംസ്കാരത്തിന്റെയും ഒരു കൈത്തിരിയാണ് നാം ചരിത്രമെന്ന വിശേഷിപ്പിക്കുന്നത്. വെളിച്ചിയാനി എന്ന ചെറിയ ഗ്രാമത്തിന്റെ ചരിത്ര പുസ്തകത്തിൽ സെന്റ് ജോസഫ്സ് എൽ.പി. സ്കൂളിനുള്ള സ്ഥാനം വളരെ വലുതാണ്.

വെളിച്ചിയാനിയുടെ ചരിത്രത്തിൽ വിജ്ഞാന വെളിച്ചത്തിന് പ്രാരംഭം കുറിച്ചത് 1936ലാണ്. സെന്റ് ജോസഫ് മലയാളം പ്രൈവറ്റ് സ്കൂൾ എന്ന പേരിൽ ഒന്നും രണ്ടും ക്ലാസുകൾ സെന്റ് തോമസ് ദേവാലയത്തിന്റെ മേൽനോട്ടത്തിൽ ആരംഭിച്ചു. 1938 മെയ് മാസം 31-ാം തീയതി തിരുവിതാംകൂർ ഗവൺമെന്റിൽ നിന്നും അംഗീകാരം ലഭിച്ചു. 1957-ൽ കേരള വിദ്യാഭ്യാസനിയമം വന്നപ്പോൾ മലയാളം പ്രൈവറ്റ് സ്കൂൾ എന്ന പേര് മാറി ലോവർ പ്രൈമറി സ്കൂൾ എന്ന് പുനർനാമകരണം ചെയ്തു.

ഇന്ന് ഈ വിദ്യാലയത്തിൽ 180 കുട്ടികൾ വിദ്യ അഭ്യസിക്കുന്നു. കാഞ്ഞിരപ്പള്ളി വിദ്യാഭ്യാസ ജില്ലയിലെയും കാഞ്ഞിരപ്പള്ളി കോർപ്പറേറ്റിലെയും മികച്ച വിദ്യാലയത്തിലൊന്നായി ഈ സരസ്വതി ക്ഷേത്രം മാറിയിരിക്കുന്നു



Scanned with CamScanner

# വിദ്യാലയ വികസന കാഴ്ചപ്പാട്

## വെളിച്ചിയാനി സെന്റ് ജോസഫ്സ്

എൽ.പി. സ്കൂളിൽ വിദ്യാലയ വികസന കാഴ്ചപ്പാട് രേഖ തയ്യാറാക്കുന്നതിന് PTA പ്രത്യേകം വിളിച്ചുകൂട്ടുകയും മുൻഗണനാക്രമം അനുസരിച്ച് പദ്ധതികൾ രൂപീകരിക്കുകയും ചെയ്തു. PTA, MPTA, അധ്യാപകർ നാട്ടുകാർ, പൂർവ്വ വിദ്യാർഥികൾ എന്നിവർ ഉൾപ്പെടുന്ന വിവിധ കമ്മിറ്റികൾ രൂപീകരിച്ച് ചുമതലകൾ വിഭജിച്ചു നൽകിയിരിക്കുന്നു

Scanned with CamScanner

ആമുഖം:

കേരളത്തിന്റെ വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ട്, നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പിലാക്കി വരുന്ന നവകേരള കർമ്മ പദ്ധതിയുടെ ഭാഗമാണ് പൊതു വിദ്യാഭ്യാസ യജ്ഞം. കേരളത്തിന്റെ സാമൂഹിക വികസനത്തിന്റെ അടിസ്ഥാനമായ പൊതുവിദ്യാഭ്യാസ സമ്പ്രദായം ഏറെ വെല്ലുവിളികൾ നേരിടുന്ന സന്ദർഭത്തിൽ സർക്കാർ മുൻകൈ എടുത്ത് ജനങ്ങളുടെ സഹകരണത്തോടെ പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതിയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം.

ഈ യജ്ഞം ഫലപ്രാപ്തിയിലെത്തുന്നതിന്റെ ഭാഗമായി മുഴുവൻ സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിലും ദീർഘകാല കാഴ്ചപ്പാടോടു കൂടിയ സമഗ്ര ഗുണമേന്മ വിദ്യാലയ വികസന പദ്ധതി രൂപീകരിക്കണം. ഓരോ പൊതു വിദ്യാലയവും അക്കാദമിക വർഷത്തിന്റെ ആരംഭം മുതൽ തന്നെ ചിട്ടയായ പ്രവർത്തനങ്ങളിലൂടെ അക്കാദമിക മികവ് കൈവരിച്ച് മികവിന്റെ കേന്ദ്രങ്ങളായി മാറുന്നതിനായി ഈ മേഖലയുമായി ബന്ധപ്പെട്ട എല്ലാവരും ചേർന്ന് പ്രവർത്തിക്കുന്ന ആസൂത്രിതമായ പരിപാടിയാണ് ഈ വിദ്യാഭ്യാസ മാതൃക.



Scanned with CamScanner

അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർഥികൾ, സാമൂഹ്യ - രാഷ്ട്രീയ, സാംസ്കാരിക, സന്നദ്ധ സംഘടന പ്രവർത്തകർ, വിവിധ സർക്കാർ, സർക്കാരിതര ഏജൻസികൾ എന്നിവയുടെ കൂട്ടായ്മയിലൂടെ വളരെ നന്നായൊരു പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കാൻ കഴിയൂ. മികച്ച അക്കാദമിക മികവ് പദ്ധതികളുണ്ടായാലേ തയ്യാറാക്കിയ ഭൗതിക സൗകര്യ വികസനാസൂത്രണം സഫലമാത്തിന് അവയോ ഇതു വേണോ എന്നറിയാൻ കഴിയൂ.

പൊതു വിദ്യാഭ്യാസ യജ്ഞം പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ പല പദ്ധതികളും നടപ്പിലാക്കുന്നു. അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം എന്നത് കൊടുത്തു വരുന്നു പഠനം പാഠപുസ്തകങ്ങളിൽ മാത്രമായി ഒതുങ്ങാതെ പരിസര ബന്ധിതവും ജീവിതബന്ധിതവുമായി തീർക്കുന്ന കുട്ടികളിലെ സർഗാത്മകതയെ കണ്ടെത്തി വികസിപ്പിക്കുക, പിന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രത്യേക പരിഗണന നൽകി ഉയർത്തുക എന്നിവ പൊതു വിദ്യാഭ്യാസ പദ്ധതിയുടെ നേട്ടങ്ങളാണ്. സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനോടൊപ്പം നിലവാരമുള്ള അധ്യാപക പരിശീലനവും നടത്തി വരുന്നു



Scanned with CamScanner

## സാമൂഹികം

* എല്ലാ ആഴ്ചയിലും ചൊവ്വാഴ്ച ദിവസങ്ങളിൽ SRG കൂടുകയും പഠന നേട്ടങ്ങളെ കുറിച്ച് ചർച്ച നടത്തുകയും നേട്ടങ്ങളും പോരായ്മകളും കണ്ടെത്തി പരിഹാര ബോധനം നടത്തുന്നതിനെ കുറിച്ച് ചർച്ച ചെയ്ത് നടപ്പിലാക്കുന്നു
* വിവിധ ക്ലബ്ബുകൾ (സയൻസ്, മാത്സ്, പ്രവൃത്തി പരിചയം, ഹെൽത്ത്) ഭംഗിയായി നിർവ്വഹിക്കുന്നു എല്ലാ മാസങ്ങളിലും നിശ്ചിത തിയതികളിൽ കൂടി പ്രവർത്തനങ്ങൾ നടത്തി വരുന്നു
* പഠനോപകരണങ്ങൾ നിർമ്മിച്ച് ക്ലാസിൽ പ്രദർശിപ്പിക്കുന്നു
* ലൈബ്രറി പുസ്തകങ്ങൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. കുട്ടികൾ വായനാകുറിപ്പ് തയ്യാറാക്കുന്നു.
* കലാരംഗത്ത് മികവു പുലർത്തുന്ന കുട്ടികൾക്ക് ഡാൻസ്, സംഗീതം, മുതലായവയ്ക്ക് പരിശീലനം നൽകുന്നു
* കായിക രംഗത്ത് പരിശീലനം നൽകുന്നു
* ദേശീയ പ്രാധാന്യമുള്ള ദിനങ്ങൾ - വിവിധ മത്സരങ്ങൾ ക്വിസ്, സെമിനാറുകൾ തുടങ്ങിയവയോടുകൂടി വിപുലമായി ആഘോഷിക്കുന്നു
* പ്രവൃത്തി പരിചയ മേളയിൽ പങ്കെടുക്കുന്നതിനായി കുട്ടികളെ പരിശീലിപ്പിക്കുന്നു.

* പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകിവരുന്നു
* കലാ - ശാസ്ത്ര സാഹിത്യ രംഗങ്ങളിൽ മികവു പുലർത്തുന്ന കൈയെഴുത്ത് മാസികകൾ കുട്ടികൾ തയ്യാറാക്കി.
* DCL, IQ പരീക്ഷ, LSS പരീക്ഷ എന്നിവയിൽ വലിയ നേട്ടം
* കാഞ്ഞിരപ്പള്ളി കോർപ്പറേറ്റുതല പരീക്ഷയിൽ കുട്ടികൾക്ക് മികച്ച നേട്ടം.
* ഉപജില്ലാ സോഷ്യൽ സയൻസ്, ക്വിസ് - പങ്കാളികൾക്ക് വിജയം.
* കുട്ടികളിൽ അച്ചടക്കവും മൂല്യബോധവും ദൈവ വിശ്വാസവും വളർത്തിയെടുക്കുവാൻ അസംബ്ലി, സെമിനാറുകൾ എന്നിവ നടത്താറുണ്ട്

പരിമിതികൾ

എല്ലാ ക്ലാസ്മുറികളും ഹൈടെക് നിലവാരത്തിലേക്കുയരുന്നില്ല.

Scanned with CamScanner

## ഭൗതിക ആവശ്യങ്ങൾ

ഏതൊരു വിദ്യാലയത്തിനും അതിന്റെ ഫലപ്രദമായ പ്രവർത്തനത്തിന് ഭൗതിക സാഹചര്യങ്ങൾ മനുഷ്യ വിഭവശേഷി വിവിധ സാഹചര്യങ്ങൾ എന്നിങ്ങനെ വിവിധ വിഭവങ്ങൾ വേണം. വിദ്യാർത്ഥികൾക്ക് സൗകര്യപ്രദവും സുരക്ഷിതവും ശിശു സൗഹൃദവുമായ അന്തരീക്ഷമാണ് വേണ്ടത്. വിദ്യാഭ്യാസം എന്നത് കുട്ടികളുടെ അവകാശമാണ്. എല്ലാ വിഭവശേഷിയും ഫലപ്രദമായി ഉപയോഗിക്കുമ്പോൾ ഒരു വിദ്യാലയം മികവുറ്റതാകുന്നു

കഴിഞ്ഞ 85 വർഷമായി വെളിച്ചമായി നിന്ന ഗ്രാമത്തിന്റെ പ്രകാശമായിരുന്ന് ജോസഫ്സ് L.P സ്കൂൾ നിലനിൽക്കുന്ന തലമുറകൾക്ക് അറിവു പകർന്നു കൊടുത്തുകൊണ്ട് ഇന്നും ഈ വിദ്യാലയം കീർത്തി നിലനിർത്തുന്നു. എങ്കിലും പല വെല്ലുവിളികളെയും ഇന്ന് നാം നേരിടേണ്ടതായി വരുന്നുണ്ട്. സമീപ പ്രദേശങ്ങളിൽ വളർന്നു കൊണ്ടിരിക്കുന്ന ഇംഗ്ലീഷ്. മീഡിയം സ്കൂളുകളോട് പലപ്പോഴും നാം കിടപിടിക്കേണ്ടതായി വരുന്നു. മുൻകാലങ്ങളിൽ ഉണ്ടായിരുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിലും ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. അധ്യാപകരുടെ കഠിന പ്രയത്നവും ശക്തമായ PTA യുടെ പ്രവർത്തനങ്ങളും ഒരു പരിധിവരെ സ്കൂളിന് ശക്തി പകരുന്നുണ്ട്. എങ്കിലും ഗവൺമെന്റ് തലത്തിൽ

നിന്ന ചില ഭൗതിക സാഹചര്യങ്ങൾ അനുകൂലമാക്കേണ്ടതുണ്ട്.

കുടിവെള്ളത്തിനായി കിണറിനെയാണ് ആശ്രയിക്കുന്നതെങ്കിലും വേനൽ കടുത്ത സാഹചര്യത്തിൽ അത് ദു:സ്സഹമാകുന്ന ഒരു മഴവെള്ള സംഭരണം ഇവിടെ അത്യാവശ്യമാണ്. അദ്ധ്യാപകർക്കായി സ്റ്റാഫ് റൂം, കുട്ടികൾക്കാവശ്യമായ കമ്പ്യൂട്ടർ സൗകര്യങ്ങൾ എന്നിവയും നമ്മുടെ അത്യാവശ്യങ്ങളിൽ പെടുന്നു. അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ബുദ്ധിമുട്ടിക്കുന്ന മറ്റൊരു പ്രശ്നം മാലിന്യ സംസ്കരണ സൗകര്യം ഇല്ല എന്നതാണ്. ഈ അസൗകര്യം പരിസര മലിനീകരണത്തിന് വഴിയൊരുക്കുന്നു. വായനയെ പ്രോത്സാഹിപ്പിക്കുവാനായി പല പരിപാടികളും ഓരോ ക്ലാസുകളിലും നടത്താറുണ്ട്. വായനാ സാമഗ്രികൾ സൂക്ഷിക്കുവാൻ സ്ഥിരമായ ഒരു സ്ഥലം ഓരോ ക്ലാസിനും ആവശ്യമാണ്. കലാ കായിക രംഗത്ത് വളരെ നേട്ടങ്ങൾ കൈവരിച്ചവരാണ് ഇവിടുത്തെ കുട്ടികൾ. പക്ഷേ പലപ്പോഴും ഒരു നല്ല കളിസ്ഥലത്തിന്റെ കുറവ് ആത്മവിശ്വാസം കെടുത്തുന്നു.

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

* അക്ഷര പഠനം
* English Corner

Class library നവീകരണം.

- സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം.

പഠനയാത്രകൾ

സ്കൂൾ പത്രം, മാസിക.

പ്രവൃത്തി പരിചയ പരിശീലനം

- കലാ പരിപോഷണം.

പച്ചക്കറിത്തോട്ടം

ദിനാചരണങ്ങൾ

കായിക വിദ്യാഭ്യാസം

ജന്മദിന പുസ്തകം.

IT പരിശീലനം.

Class PTA

Scanned with CamScanner

## വിദ്യാലയങ്ങളിലെ ഐ ടി. അനുബന്ധ സാമഗ്രികളുടെ അവസ്ഥ.

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| കമ്പ്യൂട്ടർ ഡെസ്ക്ടോപ്പ് | — | — |
| ലാപ്ടോപ്പ് | 5 | |
| പ്രൊജക്ടർ എൽ.സി.ഡി | 2 | 1 |
| റേഡിയോ | — | |
| ടി വി. | — | – |
| വിക്ടേഴ്സ് ചാനലിന്റെ ലഭ്യത | — | – |
| ഡി. വി. ഡി. പ്ലെയർ | 5 | 2 |
| ഇന്റർനെറ്റ് കണക്ഷൻ | ഉണ്ട്. | |
| വിദ്യാലയത്തിന് സ്വന്തമായി വെബ്സൈറ്റ് | " | |
| ഇ. മെയിൽ ഐഡി. | Vellayani lps @gmail.com | |
| സ്മാർട്ട് ക്ലാസ് റൂം | 1 | 7 |
| ഇന്ററാക്ടീവ് വൈറ്റ് ബോർഡ് | 1 | 2 |

Scanned with CamScanner

# വിദ്യാലയത്തിലെ ഭൗതികാന്തരീക്ഷം നിലവിലെ അവസ്ഥ.

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
| --- | --- | --- |
| അധ്യയനത്തിന് ക്ലാസ് മുറി | 9 | - |
| ആൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 2 | 2. |
| പെൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 4 | - |
| സുരക്ഷിതവും ആവശ്യാനുസരണം ഉപയോഗിക്കാവുന്നതുമായ കുടിവെള്ള സൗകര്യം | കിണർ | മഴവെള്ള സംഭരണി |
| പ്രധാന അധ്യാപക മുറി | 1 | - |
| ചുറ്റുമതിൽ | ഉണ്ട് | |
| കളിസ്ഥലം | പരിമിതം | മികച്ച നിലവാരമുള്ളത്. |
| റാമ്പ് വിത്ത് ഹാന്റ് റെയിൽ | 1 | 2 |
| അടുക്കള | ഉണ്ട് | ഡൈനിംഗ് റൂം. 1 |

ആകെ ക്ലാസ് മുറി – 10.

Scanned with CamScanner

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഉപകരണം | പിന്തുണ | ക്ലാസ് |
|---|---|---|---|---|---|
| 1. ഗണിതത്തിന്റെ ആവശ്യകത. ഗണിതപഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക. | ഗണിതത്തിന്റെ ചരിത്രവും പ്രാധാന്യവും മനസ്സിലാക്കുക. ഗണിതശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ കാണിച്ച് പരിചയപ്പെടുത്തുന്നു. | ജനുവരി - മാർച്ച് | CD | BRC | 1-IV |
| 2. ഗണിതപഠനവുമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കൽ. | അടിസ്ഥാന ആശയങ്ങൾ പരീക്ഷിക്കുന്ന ചോദ്യാവലി ഉണ്ടാക്കി പ്രീ-ടെസ്റ്റും ക്ലസ്റ്ററിനായും, റിസൾട്ട് രേഖപ്പെടുത്തുന്നു. റിപ്പോർട്ട് തയ്യാറാക്കി SRGയിൽ അവതരിപ്പിക്കുന്നു. സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ കുട്ടികൾ മുൻക്ലാസുകളിൽ നേടേണ്ട ശേഷികൾ കണ്ടെത്തുന്നതോടൊപ്പം പരിഹരിക്കുന്നതരത്തിലുള്ള പ്രവർത്തനങ്ങൾ നൽകുന്നു | ജൂൺ | | | 1-IV |
| 3. ഗണിതാസ്വാദനം. | ഗണിതം ഒരു പരീക്ഷണ വസ്തു ആകാതെ ഗണിത സമസ്യകളുടെ ആസ്വാദ്യകരവും ബുദ്ധിപരവുമായ മാന | | | | |

Scanned with CamScanner

ങ്ങൾ വിശദീകരിക്കുന്ന
തരത്തിലൂടെ പ്രവ
ർത്തനങ്ങൾ കൊത്തിത്തു
ത്തിലെ, പ്രധാന നേട്ടങ്ങളെ
യിതടിച്ചുകൊണ്ടും തുടർ
പ്രവർത്തനത്തിന് സാ
ധ്യതകളെ വെച്ച പ്രാ
പ്രവർത്തനങ്ങൾ ആസൂ
ത്രണം ചെയ്ത് നടപ്പിലാ
ക്കുന്നു

Scanned with CamScanner

# ENGLISH.

| No. | Activity | | Time | Class |
|---|---|---|---|---|
| 1. | Story Time | * Shows a picture of a Story asks the kids to findout the words from the picture (what doyou see in the picture) Then they are as kid to describe the picture in Small Sentences. | June/July. | I, II |
| | | | January | I - IV |
| 2. | Self Introduce | * Spoken English class everybody. by the class teacher. | June/July | I – IV |
| | | * ചിത്രവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കണ്ടെത്തൽ. Picture reading | | |
| | | * [illegible] വ്യത്യസ്ത കഥാപാത്രങ്ങളെ [illegible]. | June/July | III - IV |
| | | * നാടകീകരണം, [illegible] etc. | " | I – IV |
| | | king and crown (game) * Find the charactors. | " | I – IV |

| | | | | |
|---|---|---|---|---|
| 3. | Spoken English | * Every day by the class teacher | June - March | I – IV |
| | Assembly | * Once in a week. | | |
| 4 | Public Speaking | * Pledge, newsmaking, Speech, etc. in English. Audio/Video ഉപയോഗിച്ച് വിവിധ Speaking പ്രവർത്തനങ്ങൾ | June - March | IV |
| 5. | Drama and Theatre പാഠഭാഗങ്ങൾ നാടകീകരണം സ്കിറ്റുകൾ [illegible] | * ദിനാചരണങ്ങളോടനുബന്ധിച്ച് (Independence day, Teachers day, Onam, Gandhijayanthi, etc). | Aug, sep, oct, | II – IV. |
| | | quiz, speech, ചർച്ച etc). | Sept - Oct | III, IV |
| 6. | Cinema and Documentation | * ദിനാചരണങ്ങളോടനുബന്ധിച്ച് Independence day, Skit, group Song, Drama etc | Sep – Nov | I – IV. |
| 7. | Choreography | * Action Song, Skit etc. (Children's day, and x'mas in English. Spoken English everyday daily the class teacher | | |

| | | | | |
|---|---|---|---|---|
| 8. | Action Song * | Video Clipping.<br>For class III and IV (Poems<br>For class I and II (Rhyme) | June - March | 1 - IV |
| 9. | Young Talents Drama, News, reading, Recitation speech etc | Story telling - action song, description, add more lines complete the story - Moral of the story. Title -- etc | Nov March | 1 - IV |
| 10. | Spoken English | Video clipping<br>Conversation | | |
| 11. | Word making | Picture reading, conducting കഥ പൂർത്തിയാക്കൽ, Moral, title കഥാപാത്രങ്ങൾ.<br>Sentence making - Public Speaking<br>Conducting assembly - Action Song recitation | 1year | 1, IV |

## മലയാളം

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം).

മികച്ച വായനക്കാരാവുക (വായനക്കൂട്ടം)

മികച്ച എഴുത്തുകാരനാവുക (എഴുത്തുകൂട്ടം).

വിദ്യാലയത്തിലെ മുഴുവൻ വിദ്യാർഥികളെയും മികച്ച വായനക്കാരനാക്കുക, എഴുത്തുകാരാക്കുക, എന്ന ലക്ഷ്യം നേടുന്നതിനായി പിന്നോക്കം നിൽക്കുന്നവരെക്കൂടി മുൻനിരയിലെത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമായി മാറുക എന്നതാണ് ലക്ഷ്യം.

ലക്ഷ്യങ്ങൾ

* എല്ലാവർക്കും എഴുത്തും വായനയും.
* വായനക്കൂട്ടം
* അമ്മ വായന
* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
* ബാലസഭ
* വായനയുടെ വിവിധ തലങ്ങൾ
* വായനാ സാമഗ്രികൾ കണ്ടെത്തുക.
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത.
* ചുമർ മാഗസിൻ, പതിപ്പുകൾ
* ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യത.

1\. അക്ഷര കാർഡ്- വാക്യങ്ങൾ എഴുതിയ കാർഡ്

അക്ഷര കാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ. വാക്കുകളിലൂടെ വാക്യങ്ങൾ. വാക്കുകൾ കാർഡിൽ എഴുതി നൽകൽ.

Scanned with CamScanner

കണ്ടെത്താൻ കളി - പരിചിതമായ വാക്കുകൾ കാർഡിൽ എഴുതി കണ്ടെയ്നറിൽ ഇടുന്നു. ആദ്യം വാക്കുകൾ വായിക്കുന്നു. ഒരു വാക്കുതന്നെ 3, 4, 5 പ്രാവശ്യം എഴുതണം. എന്തെങ്കിലും ഒരു വാക്ക് പറയുമ്പോൾ വാക്കുകൾ കൈവശമുള്ളവർ പരസ്പരം കണ്ടെത്തുന്നു. സമാനം എന്നു പറഞ്ഞാൽ എല്ലാവരും കണ്ടെത്തുന്നു. ഈ കളി 1 മുതൽ 4 വരെ എല്ലാ ക്ലാസിലും ഉപയോഗിക്കുന്നു.

ചിത്രം - അടിക്കുറിപ്പ് - ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിക്കൽ (ICT)

കഥ നോക്കി പറയൽ എഴുതൽ.

കാക്ക അപ്പം കൊത്തിക്കൊണ്ടുപോയ കഥ. വീഡിയോ കാണിക്കുന്നു. ആദ്യഭാഗം കണ്ട് ബാക്കി തനിയെ പറയിക്കുന്നു (1, 2)

ഭിന്നശേഷിക്കാരെ പരിഗണിക്കൽ

ഭിന്നശേഷിക്കാർക്കായി പ്രത്യേക പ്രവർത്തനങ്ങൾ. വലിയക്ഷരത്തിലുള്ളതും, അക്ഷരപ്പാട്ടുകൾ, അക്ഷരചിത്രങ്ങൾ, വീഡിയോയിൽ കണ്ട് പറയൽ, ഏറ്റുപറച്ചിൽ എഴുതൽ, തിരുത്തി എഴുതൽ, മണലിൽ എഴുതൽ, ചേർന്നുവായന, അക്ഷരകാർഡുകൾ കൊണ്ട് കളികൾ.

ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ.

ക്ലാസിലെ മുഴുവൻ കുട്ടികളെയും 5 പേർ അടങ്ങുന്ന ഗ്രൂപ്പ് ആക്കുന്നു. അതിൽനിന്ന് ഒരു ഉത്സാഹം നൽകുന്ന ലീഡർ മറ്റു കുട്ടികളെ വായിച്ചു കേൾപ്പിക്കുന്നു.

Scanned with CamScanner

## ക്ലാസ് ലൈബ്രറി പ്രവർത്തനങ്ങൾ

സ്കൂൾ ലൈബ്രറി നവീകരണം, പുസ്തക വിതരണം, രജിസ്റ്റർ, ബർത്ത്ഡേ പുസ്തക ശേഖരണം, ഒരു കുട്ടി ജന്മദിനത്തിൽ ഒരു പുസ്തകം, അസംബ്ലിയിൽ ഹെഡ് മാസ്റ്ററിന് കൈമാറുന്നു.

### സമീപ ഗ്രന്ഥശാല അംഗത്വം.

പാറത്തോട് ലൈബ്രറിയിൽ 4-ാം ക്ലാസിലെ കുട്ടികൾക്ക് അംഗത്വം. ലൈബ്രറിയിൽ നിന്ന് പുസ്തക വായന.

### വായനോത്സവം.

വായനാ ദിനത്തോടനുബന്ധിച്ച് വായനോത്സവം സംഘടിപ്പിച്ചു. ഓരോ ക്ലാസിലെയും നല്ല വായനക്കാരെ തിരഞ്ഞെടുക്കുന്നു. ക്ലാസ് ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങൾ എടുത്താണ് വായന.

### പത്രവായന.

സ്കൂളിൽ മാതൃഭൂമി പത്രം വരുത്തുന്നു. കുട്ടികൾക്ക് വായിക്കുന്നതിന് കൊടുക്കുന്നു. അസംബ്ലിയിൽ കുട്ടികൾ പത്രവാർത്ത ഉറക്കെ വായിക്കുന്നു.

### അമ്മ വായന.

അമ്മ വായനയ്ക്കായി കുട്ടികൾക്ക് പുസ്തകം കൊടുത്തു വിടുന്നു. അമ്മമാർ കുട്ടികളെ വായിച്ചു കേൾപ്പിക്കുന്നു. വായനക്കുറിപ്പ് തയ്യാറാക്കുന്നു. മികച്ച വായനക്കുറിപ്പിന് സമ്മാനം നൽകുന്നു.

Scanned with CamScanner

**വായനക്കുറിപ്പ്.** ഓരോ പുസ്തക വായനയുടെയും കുറിപ്പ് ശേഖരിക്കുന്ന പതിപ്പ് പ്രകാശനം ചെയ്യുന്നു.

**വിദ്യാരംഗം കലാസാഹിത്യവേദി.**

കുട്ടികളിലെ സാഹിത്യവാസനകൾ വികസിപ്പിക്കുന്നതിനായി എല്ലാ ആഴ്ചകളിലും ഒരു ദിവസം മീറ്റിംഗ് കൂടി കവിത, കഥ, നാടകം, വ്യക്തിഗതരചനകൾ ഇവ പരിചയപ്പെടുന്നു. അസംബ്ലിയിൽ വാർത്ത വായിക്കുന്നു ക്ലാസിലെ പത്രവായന ക്ലാസിൽ നടത്തുന്നു

**ക്ലാസ്, സ്കൂൾ ലൈബ്രറി.**

എല്ലാ വെള്ളിയാഴ്ചയും ക്ലാസിൽ ലൈബ്രറി. പാഠഭാഗത്തിൽ നിന്നുള്ള നാടകാവിഷ്കാരം, സ്കിറ്റ്, കഥാപ്രസംഗം ഇവ നടത്തുന്നു എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു

**ദിനാചരണങ്ങൾ** - ദിനാചരണങ്ങളോടനുബന്ധിച്ച് നിരവധി പ്രവർത്തനങ്ങൾ നടത്തുന്നു. ക്വിസ്, പ്രസംഗം, പതിപ്പ് മത്സരങ്ങൾ നടത്തുന്നു ദേശഭക്തി ഗാനം, കേരളഗാനം, പോസ്റ്റർ നിർമ്മാണം, ചിത്രരചനാമത്സരം ഇവ നടത്തുന്നു [illegible] വീഡിയോ ക്ലിപ്പിംഗ് കാണിക്കുന്നു

**ആനുകാലിക പ്രസിദ്ധീകരണവും വായനയും**

കുട്ടികളുടെ ~~[illegible]~~ ദീപിക, ശാസ്ത്രപഥം, ഉണ്ണി ആനുകാലിക പ്രസിദ്ധീകരണങ്ങൾ കുട്ടികൾ വരുത്തുന്നു സ്കൂളിൽ ക്വിസ് മത്സരങ്ങൾ നടത്തുന്നു വായനയെ പ്രോത്സാഹിപ്പിക്കുന്നു.

Scanned with CamScanner